# BRC PARAPPANANGADI

## LSS Model Question Paper (2018-19)

## 4 കൂട്ടം പരപ്പനങ്ങാടി

## മലയാളം

1. എസ്.കെ പൊറ്റക്കാട് ................ കൃതികളിലൂടെയാണ് പ്രശസ്തനായത്? (1 മാർക്ക്)

2. കടങ്കഥയുടെ ഉത്തരമെഴുതുക. (1 മാർക്ക്)
   കാലിൽ പിടിച്ചാൽ തോളിൽ കേറും

3. ശരിയായ രൂപം എഴുതുക. (1 മാർക്ക്)
   ഖണ്ടിക – ഖണ്ഡിക

4. കഥകളിയിൽ വന്ദനശ്ലോകത്തിന് തൊട്ടു മുമ്പ് നടക്കുന്ന ചടങ്ങ് ഏത്? (1 മാർക്ക്)

5. അതിഥിയെ സൽക്കരിക്കുന്നവൻ എന്നതിന്റെ ഒറ്റപദം എന്ത്? (1 മാർക്ക്)

6. ആധുനിക കവിത്രയങ്ങളിൽ പെടാത്തതാര്? (1 മാർക്ക്)

   എ) വൈലോപ്പി ബി) ഉള്ളൂർ

   സി) കുമാരനാശാൻ ഡി) വള്ളത്തോൾ

7. പിരിച്ചെഴുതുമ്പോൾ കൂട്ടത്തിൽ പെടാത്തത് ഏത്? (1 മാർക്ക്)

   എ) നോക്കിക്കണ്ടു ബി) കളിച്ചുരസിച്ചു
   സി) ചാടിക്കയറി ഡി) ചീറിപ്പാഞ്ഞു

8. താഴെ തന്നിരിക്കുന്നവയിൽ ഏത് കഥാപാത്രമാണ് പച്ചവേഷത്തിൽ അവതരിപ്പിക്കാത്തത്?

   എ) ദുര്യോധനൻ ബി) അർജുനൻ
   സി) ശ്രീ കൃഷ്ണൻ ഡി) നളൻ (1 മാർക്ക്)

9. ശരിയായ ചിഹ്നം ചേർത്തെഴുതിയ വാക്യം ഏത് (1 മാർക്ക്)

   എ) ‘‘ചേട്ടാ, പാവം മൈന. എന്തിനാണതിനെ കൊല്ലുന്നത്’’?
   ബി) ചേട്ടാ, പാവം മൈന. എന്തിനാണതിനെ കൊല്ലുന്നത്?
   സി) ‘‘ചേട്ടാ, പാവം മൈന. എന്തിനാണതിനെ കൊല്ലുന്നത്’’
   ഡി) ചേട്ടാ, പാവം മൈന. എന്തിനാണതിനെ കൊല്ലുന്നത്

10. താഴെ തന്നിരിക്കുന്നവയിൽ ആഹാരവുമായി ബന്ധപ്പെടാത്ത പഴഞ്ചൊല്ല് ഏത്?

എ) പയ്യെതിന്നാൽ പനയും തിന്നാം
ബി) പന്തിക്കു മുന്നിലും പടയ്ക്കു പിന്നിലും
സി) അന്ന വിചാരം മുന്നവിചാരം
പിന്നെ വിചാരം കാര്യ വിചാരം
ഡി) ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം

11.

പല പല നാളുകൾ ഞാനൊരു പുഴുവായ്
പവിഴക്കൂട്ടിലുറങ്ങി
ഇരുളും വെട്ടവുമറിയാതങ്ങനെ
ഇരുന്നു നാളുകൾ നീക്കി
................................
................................
................................

എ) വെളിച്ചം എന്ന പദത്തിനു പകരമായി കവിതയിൽ ഉപയോഗിച്ച പദമേത്? (2 മാർക്ക്)

ബി) ഈ കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. (3 മാർക്ക്)

12. അമ്മുവും കൂട്ടുകാരും കഴിഞ്ഞമാസം പഠനയാത്ര പോയി. കോഴിക്കോട് ജില്ലയിലുള്ള ബേപ്പൂർ സുൽത്താന്റെ വീട്, പാർക്ക്, പ്ലാനറ്റോറിയം.... തുടങ്ങിയ സ്ഥലങ്ങളാണ് സന്ദർശിച്ചത്.

എ) ബേപ്പൂർ സുൽത്താന്റെ യഥാർത്ഥ പേരെന്ത്? (2 മാർക്ക്)

ബി) അടുത്ത ദിവസം അവളുടെ ടീച്ചർ യാത്രാവിവരണം തയ്യാറാക്കാൻ പറഞ്ഞു. നിങ്ങൾക്ക് അമ്മുവിനെ സഹായിക്കാമോ? (3 മാർക്ക്)

# BRC PARAPPANANGADI

## LSS Model Question Paper (2018-19)

## 4 കൂട്ടം പരപ്പനങ്ങാടി

## മലയാളം

13. കടംകഥയുടെ ഉത്തരം എഴുതുക. (1 മാർക്ക്)

    അടിക്കൊരു വെട്ട്

    നടുക്കൊരു കെട്ട്

    തലയ്ക്കൊരു ചവിട്ട്

1. ഇടപ്പള്ളി എന്ന തൂലികാനാമത്തിൽ എഴുതുന്ന എഴുത്തുകാരന്റെ യഥാർത്ഥ നാമം (പേര്)?

    (1 മാർക്ക്)

14. ശരിയായ രൂപം എഴുതുക (1 മാർക്ക്)
    അനുബന്ധം – അനുബന്തം

2. കഥകളിയിലെ കേളികൊട്ടിന് ഉപയോഗിക്കുന്ന വാദ്യോപകരണം ഏത്? (1 മാർക്ക്)

3. അബ്ദം എന്ന പദത്തിന്റെ അർത്ഥം? (1 മാർക്ക്)

4. വള്ളത്തോളിന്റേതല്ലാത്ത കൃതി ഏത്? (1 മാർക്ക്)

    എ) കൊച്ചുസീത ബി) അച്ഛനും മകളും
    സി) വിഷകന്യക ഡി) ചിത്രയോഗം

5. മാൺപിയന്ന എന്ന പദം പിരിച്ചെഴുതുമ്പോൾ ശരിയായ രൂപം ഏത്? (1 മാർക്ക്)

    എ) മാൺ + പിയന്ത ബി) മാൺപ് + ഇയന്ന
    സി) മാൺപി + എന്ന ഡി) മാൺപി + യെന്ന

6. മണിക്കൂറുകളോളം മണ്ണിൽ കളിച്ചു രസിക്കാൻ അങ്ങേക്കറിയുമോ ബീർബൽ ചോദിച്ചു.

    ഇല്ല അതും ഇതുമായി എന്തു ബന്ധം

    ശരിയായ ചിഹ്നം ചേർത്തെഴുതുക (1 മാർക്ക്)

7. വിളക്കേന്തിയ വനിത എന്നറിയപ്പെടുന്നതാര്? (1 മാർക്ക്)

8. നിവേദനം തയ്യാറാക്കാം.

ഇനി വരുന്നൊരു തലമുറയ്ക്ക്
ഇവിടെ വാസം സാധ്യമോ
മലിനമായ ജലാശയം – അതി
മലിനമായൊരു ഭൂമിയും
...................................
...................................

ഈ കവിതയിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്? (2 മാർക്ക്)

നമ്മൾ നേരിടുന്ന ഈ പ്രശനം പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്ത് പ്രസിഡന്റിന് ഒരു നിവേദനം തയ്യാറാക്കൂ. (3 മാർക്ക്)

9. വർണന തയ്യാറാക്കാം.

അവധിക്കാലത്ത് അമ്മുവിന് അമ്മയുടെ വീട്ടിൽ പോകാൻ ഏറെ കൊതിയുണ്ട്. അത്രയ്ക്ക് മനോഹരമാണ് ആ ഗ്രാമം.

എ) അമ്മു അവളുടെ ഗ്രാമം ഇത്രയേറെ ഇഷ്ടപ്പെടാനുള്ള കാരണമെന്ത് ? (2 മാർക്ക്)

ബി) തോടും പാടവും നെൽവയലുകളും, കുളങ്ങളും നിറഞ്ഞ അമ്മുവിന്റെ പ്രിയപ്പെട്ട ഗ്രാമത്തെ കുറിച്ച് ഒരു വർണന തയ്യാറാക്കുക. (3 മാർക്ക്)

# BRC PARAPPANANGADI

## LSS Model Question Paper (2018-19)

### 4 കൂട്ടം പരപ്പനങ്ങാടി

### മലയാളം

1. ആധുനിക കവിത്രയങ്ങളിൽ പെടാത്തത്? (1 മാർക്ക്)
   ആശാൻ, ചെറുശ്ശേരി, ഉള്ളൂർ, വള്ളത്തോൾ

2. പണ്ടുകാലത്ത് നെല്ലളക്കാൻ ഉപയോഗിച്ചിരുന്ന ഉപകരണം? (1 മാർക്ക്)
   ഭരണി, പറ, പത്തായം, നാഴി

3. ശരിയായ പദം തെരഞ്ഞെടുക്കുക (1 മാർക്ക്)
   അനഷ്ഠാനം, അനുഷ്ടാനം, അനുഷ്ട്ടാനം

4. 2019-ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയതാര്? (1 മാർക്ക്)

5. പിരിച്ചെഴുത്താം - ചെമ്മാനം (1 മാർക്ക്)

6. ആയിരം തിരിയിട്ട് കത്തിച്ച വിളക്ക്
   അന്തിയായപ്പോൾ അണഞ്ഞുപോയി - ഉത്തരം പറയാമോ? (1 മാർക്ക്)

7. കുഞ്ഞുപാത്തുമ്മ എന്ന കഥാപാത്രം ന്റെപ്പൂപ്പാക്കൊരാനണ്ടാർന്നു എന്ന പുസ്തകത്തിലുള്ളതാണ്. ഈ കൃതി ആരുടേതാണ്? (1 മാർക്ക്)

8. കൂട്ടത്തിൽ പെടാത്തത് ഏത്? (1 മാർക്ക്)
   ആറ്, നദി, അരുവി, തോട്

9. വെണ്മ എന്ന അർത്ഥം വരുന്ന പദമേത്? (1 മാർക്ക്)
   ഭൂവ്, തൂമ, അഞ്ചിതം

10. കഥകളി വേഷങ്ങളിൽ നല്ല കഥാപാത്രങ്ങളെ പ്രതിനിധീകരിക്കുന്നത് ഏത് വേഷം? (1 മാർക്ക്)

11. താഴെ തന്നിരിക്കുന്ന കവിത വായിക്കുക.
    ഒരു തൈ നടാം നമുക്കമ്മയ്ക്കു വേണ്ടി
    ഒരു തൈ നടാം കൊച്ചു മക്കൾക്കു വേണ്ടി
    ഒരു തൈ നടാം നൂറു കിളികൾക്കു വേണ്ടി
    ഒരു തൈ നടാം നല്ല നാളേയ്ക്കു വേണ്ടി
    ഇത് പ്രാണവായുവിനായ് നടന്നു
    ഇതു മഴക്കായ് തൊഴുതു നടുന്നു
    ..........................................
    ..........................................

എ) കവി എന്തിനെല്ലാം വേണ്ടിയാണ് മരങ്ങൾ നടണമെന്ന് പറയുന്നത്? (2 മാർക്ക്)

ബി) ഈ കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. (3 മാർക്ക്)

12. പത്രവാർത്ത തയ്യാറാക്കാം.

മഞ്ചേശ്വരം ജി.എൽ.പി സ്കൂളിൽ പച്ചക്കറി വിളവെടുപ്പ് ഉത്സവം നടന്നു. പഞ്ചായത്ത് നടന്നു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ആറ്റക്കോയ ഉദ്ഘാടനം ചെയ്തു. ഇതുമായി ബന്ധപ്പെട്ട് പിറ്റേന്ന് പത്രത്തിൽ വന്ന വാർത്ത എന്തായിരിക്കും.

തലക്കെട്ട് - (1 മാർക്ക്)

പത്രവാർത്ത തയ്യാറാക്കാം - (4 മാർക്ക്)